## കെ. കരുണാകരൻെറ ആരോഗ്യനിലയിൽ പുരോഗതി

# ആശ്വാസത്തോടെ നേതാക്കൾ; പ്രാർത്ഥനയോടെ അണികൾ

തിരുവനന്തപുരം : അനന്തപുരി ആശുപത്രിയിൽ കഴിയുന്ന കോൺഗ്രസ് നേതാവ് കെ. കരുണാകരന്റെ ആരോഗ്യനിലയിൽ ആശാവഹമായ പുരോഗതിയുണ്ടായി. ആരോഗ്യനില മെച്ചപ്പെട്ടതായി ചികിത്സയ്ക്ക് മേൽനോട്ടം വഹിക്കുന്ന ഡോക്ടർമാരായ എ. മാർത്താണ്ഡപിള്ളയും സി.ജി. ബാഹുലേയനും അറിയിച്ചു.



ലീഡർക്ക് ബോധം വീണു. ബന്ധുക്കളെയും അടുത്തുള്ളവരെയും തിരിച്ചറിഞ്ഞു. ബന്ധുക്കൾ പറയുന്നത് ലീഡർക്ക് മനസിലാക്കാനും പററുന്നുണ്ട്. ചികിൽസയ്ക്കുവേണ്ടി രൂപീകരിച്ച മെഡിക്കൽ ടീം കരുണാകരന്റെ ആരോഗ്യസ്ഥിതി വിലയിരുത്തി. തലയുടെയും നെഞ്ചിന്റെയും സി. ടി. സ്കാനെടുത്തു. ന്യുമോണിയയും ശ്വാസകോശത്തിലെ അണുബാധയും കുറഞ്ഞു. ഓക്സിജൻ നൽകുന്നുണ്ട്. ചികിത്സാരീതിയിലും മരുന്നിലും മാററംവരുത്തി. മരുന്നുകളോട് ശരീരം നന്നായി പ്രതികരിക്കുന്നുണ്ട്. കേന്ദ്രമന്ത്രി എ.കെ. ആന്റണി കരുണാകരനെ സന്ദർശിച്ചു. ആരോഗ്യനിലയിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് ആന്റണി മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു. സി.പി.എം പോളിററ്ബ്യൂറോ അംഗം എസ്. രാമചന്ദ്രൻപിള്ള, സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ, മന്ത്രിമാരായ കെ. പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, കൊടിക്കുന്നിൽ സുരേഷ് എം.പി, രാജ്മോഹൻ ഉണ്ണിത്താൻ, കരുണാകരന്റെ അനുജൻ ദാമോദരമാരാർ തുടങ്ങിയവർ ലീഡറെ സന്ദർശിച്ചു.

കെ. കരുണാകരൻ സുഖം പ്രാപിക്കുന്നത് നേതാക്കളിലും അനുയായികളിലും ആശങ്കയകററി. ആശുപത്രിയിൽ ലീഡറെ സന്ദർശിച്ച നേതാക്കൾ തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് പുറത്തുവന്നത്.

ലീഡറുടെ ആരോഗ്യനില ആരാഞ്ഞുകൊണ്ടുള്ള ടെലിഫോൺ കാളുകൾ അനന്തപുരി ആശുപത്രിയിലേക്ക് പ്രവഹിച്ചു. നേതാക്കൾക്കു പിന്നാലെ അണികളും എത്തിയതോടെ ആശുപത്രിയും പരിസരവും കോൺഗ്രസ് പ്രവർത്തകരെക്കൊണ്ട് നിറഞ്ഞു. 'ലീഡർക്ക് എങ്ങനെയുണ്ട്' എന്നായിരുന്നു എല്ലാവരുടെയും അന്വേഷണം. സന്ദർശിച്ചിറങ്ങിവന്ന നേതാക്കളെ സമീപിച്ച് അണികൾ ആരോഗ്യനിലയെപ്പററി ചോദിച്ചുകൊണ്ടിരുന്നു. 'കുഴപ്പമില്ല. നല്ല വ്യത്യാസമുണ്ട്' നേതാക്കൾ പറഞ്ഞപ്പോൾ അണികൾക്ക് സന്തോഷമായി.

കരുണാകരൻ സുഖം പ്രാപിക്കാൻ വേണ്ടി അനുയായികൾ ക്ഷേത്രങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും പൂജകളും നടത്തി. തിരുവനന്തപുരം നഗരസഭാ കൗൺസിലർമാരായ കെ. മഹേശ്വരൻനായർ, വഞ്ചിയൂർ മോഹനൻ, ഡി.സി.സി ജനറൽ സെക്രട്ടറി എം.എസ്. സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ പത്മനാഭസ്വാമി ക്ഷേത്രത്തിലും ആററുകാൽ ക്ഷേത്രത്തിലും മററും പ്രത്യേക വഴിപാടും നടത്തി. യൂത്ത് കോൺഗ്രസ് നേതാവ് കുളത്തൂർ ജയ്സിങ്ങിന്റെ നേതൃത്വത്തിൽ പാളയം കത്തീഡ്രൽ പള്ളിയിൽ നൂറ് മെഴുകുതിരികൾ കത്തിച്ച് പ്രാർത്ഥന നടത്തി. പാളയം മുസ്ലിം പള്ളിയിൽ ഇബ്രാഹിംകുട്ടി നമസ്കാര പ്രാർത്ഥന നടത്തി

# അമേരിക്കൻ മലയാളി ഭാസ്കര കാരണവരുടെ കൊല: മരുമകൾ പിടിയിൽ

ചെങ്ങന്നൂർ: ചെറിയനാട് തുരുത്തിമേൽ കാരണവേഴ്സ് വില്ലയിൽ ഭാസ്കര കാരണവരെ (കൊച്ചുകുഞ്ഞ്-65) കൊലപ്പെടുത്തിയ കേസിൽ മരുമകളെ പൊലീസ് അറസ്റ്റുചെയ്തു.

കാരണവരുടെ ഇളയ മകൻ ബിനുവിന്റെ ഭാര്യ ഷെറിൻ (28) ആണ് അറസ്ററിലായത്. ചെങ്ങന്നൂർ ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. കേസിലെ ഒന്നാം പ്രതിയാണ് ഷെറിൻ.

ഭാസ്കര കാരണവരുടെ സ്വത്ത് കൈക്കലാക്കാനാണ് ഷെറിൻ ആസൂത്രിതമായി കൊല നടത്തിയതെന്നാണ് പൊലീസിന്റെ നിഗമനം. ഷെറിന് ഒട്ടേറെ സൗഹൃദങ്ങൾ ഉണ്ടായിരുന്നതായും ഷെറിന്റെ നടപടികളോട് കാരണവർക്ക് അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നതായും പറയപ്പെടുന്നു. ഷെറിന്റെ മൊബൈൽ ഫോണിൽനിന്ന് ലഭിച്ച നമ്പരുകളുടെ അടിസ്ഥാനത്തിൽ ഇവരുമായി ബന്ധമുള്ള ധാരാളം യുവാക്കളെ പൊലീസ് ചോദ്യം ചെയ്തിരുന്നു. ഷെറിന് സുഹൃത്തുക്കളുമായി സാമ്പത്തിക ഇടപാടുകളും ബിസിനസുകളും ഉണ്ടായിരുന്നുവെന്നാണ് വിവരം. ഒരു ലാപ്ടോപ് കാണാതായിട്ടുണ്ട്. ഇതിൽ പലരഹസ്യ വിവരങ്ങളുമുണ്ടെന്നാണ് സൂചന.





ബാംഗ്ലൂരിൽ താമസിക്കുന്ന മലയാളി യുവാക്കൾ കാരണവരുടെ മകൾ ബെററിയുടെ മുൻ ഭർത്താവും ഷെറിന്റെ ബന്ധുവുമായ ഷാജൻ വഴിയാണ് ഷെറിനുമായി പരിചയത്തിലായത്.

നവംബർ എട്ടിന് രാവിലെ ആറിനാണ് കാരണവർ വീട്ടിലെ കിടപ്പുമുറിയിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. അന്ന് മുതൽ കസ്റ്റഡിയിലായിരുന്ന ഷെറിനെ പൊലീസ് ചോദ്യം ചെയ്യാനായി അജ്ഞാത കേന്ദ്രത്തിലേക്ക് മാററിയിരുന്നു. എറണാകുളം റേഞ്ച് ഐ.ജി വിൻസൻ എം. പോൾ, എസ്.പി ഇ. ദിവാകരൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തിയത്. പ്രാഥമികാന്വേഷണത്തിൽ തന്നെ വീട്ടിലുണ്ടായിരുന്ന ആർക്കെങ്കിലും കൊലപാതകത്തിൽ പങ്കുണ്ടെന്ന നിഗമനത്തിൽ പൊലീസ് എത്തിയിരുന്നു.

കാരണവരുടെ മകൻ ബിനു, ഭാര്യ ഷെറിൻ, കൊച്ചുമകൾ ഐശ്വര്യ, വേലക്കാരി കമലമ്മ, ഡ്രൈവർ ഉദയൻ എന്നിവർ വീട്ടിലുണ്ടായിരുന്നപ്പോഴാണ് കൊലപാതകം നടന്നത്. മൃതദേഹത്തിന് ചുററും മുളക് പൊടി വിതറിയിരുന്നു. ലാപ്ടോപ്, രണ്ടര പവന്റെ സ്വർണം കെട്ടിയ രുദ്രാക്ഷ മാല, റാഡോ വാച്ച്, ഡിജിററൽ കാമറ, മൊബൈൽ ഫോൺ എന്നിവ കാണാതായിരുന്നു. വിലപിടിപ്പുള്ള മററ് സാധനങ്ങൾ ഉണ്ടായിട്ടും അവയൊന്നും മോഷ്ടിക്കാതിരുന്നതിനാൽ മോഷണത്തിന് വേണ്ടിയുള്ള കൊലപാതകമല്ല എന്ന് തുടക്കത്തിൽ തന്നെ കണ്ടെത്തിയിരുന്നു.

കാരണവരും കുടുംബാംഗങ്ങളും നേരത്തേ അമേരിക്കയിലായിരുന്നു. ഇതിനിടെ ഒരു കേസുമായി ബന്ധപ്പെട്ടാണ് ഷെറിൻ നാട്ടിലേക്ക് മടങ്ങിയത്. അമേരിക്കയിൽ നഴ്സായിരുന്ന ഭാര്യ ശാന്തയുടെ മരണശേഷം രണ്ടുവർഷം മുമ്പാണ് കാരണവർ നാട്ടിലെത്തിയത്. മരണവിവരം അറിഞ്ഞ് മററ് മക്കളായ ബിജു, ബെററി എന്നിവർ അമേരിക്കയിൽ നിന്ന് നാട്ടിലെത്തിയിട്ടുണ്ട്.

# കേരളത്തിലെ നദീജലം മലിനം, മത്സ്യങ്ങൾ കൂട്ടത്തോടെ ചാവുന്ന അവസ്ഥ ഉണ്ടാവും

കാസർകോട്: വേൾഡ് മലയാളി കൗൺസിൻെറ നേതൃത്വത്തിൽ കേരള നദീജല പരിശോധനായാത്ര നടത്തി. സംസ്ഥാനത്തെ 44 നദികളിലെയും ജലം പരിശോധിച്ച് മാലിന്യങ്ങളുടെയും ഓക്സിജൻെറയും അളവ് പരിശോധിക്കുകയാണ് യാത്രയുടെ ലക്ഷ്യം. യാത്രയുടെ ഉദ്ഘാടനം ദേവസ്വം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ കാസർകോട്ട് ചന്ദ്രഗിരി പുഴയോരത്ത് നിർവഹിച്ചു.

ദൈവത്തിൻെറ സ്വന്തം നാട്ടിൽ മാലിന്യക്കൂമ്പാരം ഗുരുതരമായ സാമൂഹിക പ്രശ്നം സൃഷ്ടിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പി കരുണാകരൻ എം പി, സി ടി അഹമ്മദലി എം എൽ എ, വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ ജോർജ് കുളങ്ങര എന്നിവർ സംസാരിച്ചു.

അമേരിക്കയിലെ ജല പരിസ്ഥിതി ഫെഡറേഷൻ നൽകിയ ജലനിരീക്ഷണ കിറ്റ് ഉപയോഗിച്ച് ലേബർ ഇന്ത്യ കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻെറ ശാസ്ത്രസാങ്കേതിക വകുപ്പാണ് പരിശോധന നടത്തുന്നത്. ചന്ദ്രഗിരിയിലെ വെള്ളത്തിൽ ഓക്സിജൻെറ അളവ് കുറവാണെന്ന് കണ്ടെത്തി. സാധാരണ ആറു മുതൽ 12 വരെ പാർട്ട്സ് പെർ മില്യൺ (പി പി എം) ആണ് വേണ്ടത്. ചന്ദ്രഗിരിയിൽ നാല് പി പി എം ആണ്. അതേസമയം അമ്ലത്വം സാധാരണ നിലയിലാണ്.



*വേൾഡ് മലയാളി കൗൺസിലിൻെറ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന നദീജല പരിശോധനയാത്ര മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കാസർകോട്ട് ചന്ദ്രഗിരിപ്പുഴയിലെ വെള്ളം ശേഖരിച്ച് ഉദ്ഘാടനം ചെയ്തപ്പോൾ.*

കേരളത്തിലെ നദീജലം കുടിക്കാനെന്നല്ല കുളിക്കാൻ പോലും കൊള്ളാത്തവിധം മലിനമാണ്. നദികളിലെ മത്സ്യങ്ങൾ കൂട്ടത്തോടെ ചാവുന്ന സാഹര്യമാണുള്ളതെന്നും ലോക മലയാളി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ നദികളിൽ നടത്തിയ ജലപരിശോധനയിൽ വെളിപ്പെടുത്തപ്പെട്ടു.

നദികളിലെ ഓക്സിജന്റെ അളവ് അമ്പതു ശതമാനം മാത്രമാണെന്ന് പരിശോധനയിൽ തെളിഞ്ഞതായി ലോക മലയാളി കൗൺസിൽ കേരളാ ചാപ്റ്റർ പ്രസിഡന്റ് ജോർജ് കുളങ്ങര പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, കരമനയാർ, ഇത്തിക്കരയാർ എന്നി നദികളൊഴികെ എല്ലാ നദിയിലെയും ജലം പരിശോധിച്ചതായി അദ്ദേഹം പറഞ്ഞു.

നദീജലത്തിലെ ആസിഡിന്റെ അളവു 20 ശതമാനം വരെയുണ്ട്. ശരാശരി 10നും 15നും ഇടയ്ക്കാണ് സ്ഥിതി. ദാരുണമാണ് ഈ അവസ്ഥ. അമേരിക്കയിൽ നിന്നു വരുത്തിയ ഉപകരണം ഉപയോഗിച്ചാണ് ജലപരിശോധന നടത്തിയത്.

കേരളത്തിലെ നദികളിൽ ഏറ്റവും ശുദ്ധം പാലക്കാട് ജില്ലയിലെ കബിനിയാണ്. സൈലന്റ് വാലിയിൽ നിന്നു ഒഴുകി എത്തുന്ന കബിനിയിലെ വെള്ളത്തിൽ 90 ശതമാനമാണ് ഓക്സിജൻ. അസിഡിറ്റി ഇല്ല. മലമ്പുഴ അണക്കെട്ടിലെ വെള്ളത്തിന്റെയും അവസ്ഥ ഇതാണ്. അതേസമയം മയ്യഴിയിലെ വെള്ളത്തിലുള്ള ഓക്സിജൻ 48 ശതമാനമാണ്. അസിഡിറ്റി 18 ശതമാനവും.

കേരളത്തിലെ നദീജലത്തിൽ ശരാശരി 50 ശതമാനത്തിലപ്പുറം ഓക്സിജൻ ഒരിടത്തും ഇല്ല. അതായത് നമ്മുടെ നദിജലം മലിനമാണ്. നദീജലത്തിൽ കുളിക്കുന്നവർക്ക് ത്വക് രോഗങ്ങൾ ഉണ്ടാവുന്നു. ഉദരരോഗങ്ങളും വരുന്നു. മത്സ്യങ്ങൾ കൂട്ടത്തോടെ ചാവുന്നു.

നാം ഉപയോഗിക്കുന്ന രാസ വസ്തുക്കൾ മാത്രമല്ല ജൈവവസ്തുക്കൾ വരെ ജലമലിനീകരണത്തിനു കാരണമാവുന്നുണ്ട്.

പരിശോധന യാത്ര നവംബർ 11 ന് തിരുവനന്തപുരത്ത് സമാപിച്ചു